(എഫ്) അല്ലെങ്കിൽ ഏത് കപ്പാസിറ്റിയിലാണ് അഡ്വക്കേറ്റ് ജനറൽ പങ്കെടുക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ഹയർ ഡി.പി.സി.യും ലോവർ ഡി.പി.സി. യും.

(ബി) ലാ സെക്രട്ടറി ഹയർ ഡി.പി.സി.യുടെ കൺവീനറും ലോവർ ഡി.പി.സി. യിൽ അംഗവുമാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി)-(എഫ്) ഇന്ത്യൻ ഭരണഘടനയുടെ 165-ാം വകുപ്പ് പ്രകാരമാണ്, ഗവർണർ സംസ്ഥാന അഡ്വക്കേറ്റ് ജനറലിനെ നിയമിക്കുന്നത്. സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന്റെ അവകാശ-അധികാരങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. കേരള സർവീസ് റൂൾ അഡ്വക്കേറ്റ് ജനറലിന് ബാധകമല്ല. കേരള ഫൈനാൻഷ്യൽ കോഡ് രണ്ടാം വാല്യത്തിലെ അപ്പൻഡിക്സ്-1-ൽ വകുപ്പ് മേധാവികളുടെ ലിസ്റ്റിൽ ഹൈക്കോടതി ചീഫ് ജസ്റ്റീസാണ്. പബ്ളിക് സർവീസ് കമ്മിഷണർ ചെയർമാൻ എന്നിവരെപ്പോലെതന്നെ അഡ്വക്കേറ്റ് ജനറലും ഉൾപ്പെടുന്നു. ഈ അതോറിറ്റികളുടെ കീഴിൽ വരുന്ന ഓഫീസുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിന് വേണ്ടിയാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്.

കോടതികൾ പുനരാരംഭിക്കുന്നതിന് നടപടി

130(872) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാലയിൽ പ്രവർത്തിച്ചിരുന്ന കോടതികൾ പുനരാരംഭിക്കുന്നതിന് ബഹു. ഹൈക്കോടതി മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ മുനിസിഫ്/മജിസ്ട്രേറ്റ് കോടതികൾ ഇക്കൊല്ലം തന്നെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈക്കോടതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിലെ ക്രമമനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും മാത്രമേ കോടതി സ്ഥാപിക്കാൻ കഴിയുകയുള്ളൂ. മുൻഗണനാലിസ്റ്റിൽ 16-ാം സ്ഥാനത്താണ് പാറശ്ശാല മുനിസിഫ് മജിസ്ട്രേറ്റു കോടതി ഉൾപ്പെടുത്തിയിരിക്കുന്നത്.

പ്രമേഹരോഗ നിവാരണത്തിനായി ഇൻസ്റ്റിറ്റ്യൂട്ട്

131 (873) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സപോട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രമേഹരോഗ നിവാരണത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് പരിപാടിയുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് എവിടെ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ള തെന്നും ഇത് എന്നത്തേക്ക് ആരംഭിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) സിദ്ധ യുനാനി വൈദ്യശാസ്ത്ര പഠനത്തിനായി പ്രത്യേകം കോളേജുകൾ ആരംഭിക്കാനുള്ള പരിപാടിയുടെ പുരോഗതി എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) അമേരിക്കയിലെ മേയോ ക്ളിനിക് എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ ഒരു പ്രമേഹരോഗ ഗവേഷണ വിദ്യാഭ്യാസ പരിശീലന കേന്ദ്രം കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിക്കുകയും തുടർന്ന് മേയോ ക്ളിനിക്കും കേരള സർക്കാരും ഒരു പ്രാഥമിക ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. ഈ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി ഒരു മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അംഗീകരിക്കുകയും തിരുവിതാംകൂർ-കൊച്ചി സാഹിത്യശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്ത് സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) സംസ്ഥാനത്ത് സിദ്ധ-യുനാനി ശാസ്ത്രപഠനത്തിനായി പ്രത്യേകം കോളേജുകൾ ആരംഭിക്കുന്നതിനുള്ള കാര്യങ്ങൾ പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി 13.12.99-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 478/99/ആ.കു.വ. പ്രകാരം കണ്ണൂർ ആയുർവേദ കോളേജ് പ്രിൻസിപ്പൽ ഡോ. പി.കെ. മോഹൻലാലിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടില്ല.

എയ്ഡ്സ് പ്രതിരോധ നടപടികൾ

132 (874)ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡ്സ് പ്രതിരോധത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതുവരെ എത്ര എച്ച്.ഐ.വി. ബാധിതരുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly